No. AWWF/D1-1612/21

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ്
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
Email: awwfkerala@gmail.com
Ph : 0471-2342433
തീയതി : 11.11.2021

# പരിപത്രം

വിഷയം :- വനിത ശിശു വികസന വകുപ്പ് - കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് - 2021 ഏപ്രിൽ മാസം പെൻഷനായ അങ്കണവാടി വർക്കർ ഹെൽപ്പർ - അപേക്ഷകളിലെ അപാകതകൾ - സംബന്ധിച്ച്

സൂചന :- 1. 19.04.2021 No. AWWF/PCL2/24/18 പരിപത്രം

സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും 2021 ഏപ്രിൽ മാസം പെൻഷനായ അങ്കണവാടി വർക്കർമാരുടേയും, അങ്കണവാടി ഹെൽപ്പർമാരുടേയും പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സൂചന 1 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ 2021 ഏപ്രിൽ മാസം പെൻഷൻ പറ്റിയ അങ്കണവാടി പ്രവർത്തകരുടെ പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിരിക്കുന്നു.

1. വിരമിച്ച അങ്കണവാടി പ്രവർത്തകരുടെ ബാങ്ക് അക്കൗണ്ട് ജനപ്രിയ / സീറോ ബാലൻസ് മാറ്റി സേവിംഗ്സ് അക്കൗണ്ട് ആയിരിക്കണമെന്ന് നിഷ്ക്കർഷിച്ചിരുന്നുവെങ്കിലും ആയത് വേണ്ട വിധം പരിശോധിക്കാതെ ജനപ്രിയ / സീറോ ബാലൻസ് അക്കൗണ്ടുകൾ, സേവിംഗ്സ് അക്കൗണ്ട് ആണെന്ന് സാക്ഷ്യപ്പെടുത്തി നൽകിയിരിക്കുന്നു.
2. ചില അങ്കണവാടി പ്രവർത്തകരുടെ ക്ഷേമനിധി പാസ് ബുക്ക് പരിശോധിക്കാൻ കഴിയാത്ത വിധം ജീർണിച്ചിരിക്കുന്ന സാഹചര്യത്തിൽ ബ്രോഡ് ഷീറ്റ് പരിശോധിച്ച് ഡ്യൂപ്ലിക്കേറ്റ് പാസ്ബുക്ക് കൂടി തയ്യാറാക്കി വേണം പെൻഷൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്.
3. ക്ഷേമനിധി ആനുകൂല്യം കണക്കാക്കുന്ന ഫോറം പരിശോധിച്ചതിൽ ചില പാസ്ബുക്കുകളിലെ തുകകളും ഫോറത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപെടുന്നില്ല. അതിനാൽ പാസ്ബുക്ക്, ബ്രോഡ് ഷീറ്റ്

എന്നിവ പരിശോധിച്ച് ആയത് പ്രകാരമാണ് ക്ഷേമനിധി ആനുകൂല്യം കണക്കാക്കുന്ന ഫോറം തയ്യാറാക്കിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. ക്ഷേമനിധി വിഹിതം ഈടാക്കി കഴിഞ്ഞാൽ അതാതു മാസം തന്നെ ബ്രോഡ് ഷീറ്റിലും, പാസ്സ് ബുക്കുകളിലും ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടെന്ന്, ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. ജീവനക്കാരുടെ പാസ്സ് ബുക്കുകൾ ശേഖരിച്ച് ആവശ്യമായ എൻട്രി വരുത്തുന്നതിനായി പ്രതിമാസ പ്രോജക്ട് തല മീറ്റിംഗ് ദിവസം തെരഞ്ഞെടുക്കാവുന്നതാണ്.

മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ തുടർന്നു വരുന്ന പെൻഷൻ അപേക്ഷകളിൽ ഉണ്ടാകാതിരിക്കാൻ ജില്ലാതലത്തിൽ അപേക്ഷകൾ പരിശോധിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**ചീഫ് എക്സിക്യൂട്ടീവ് ആഫീസർ**

1) എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

2) എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും (with DO Letter)

3) വെബ്സൈറ്റ്/സ്റ്റോക്ക് ഫയൽ